പ്രസിദ്ധീകരണത്തിന്

സംസ്ഥാനത്തെ മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾക്കായി, ജസ്റ്റീസ് എം.ആർ. ഹരിഹരൻനായർ ചെയർമാനായ നാലംഗകമ്മീഷൻ ചാർജ്ജെടുത്തതായി പത്രവാർത്ത കണ്ടു. ഇതിൽ മെമ്പർ സെക്രട്ടറിയായി നിയമിക്കപ്പെട്ടിട്ടുള്ള അംഗം പിന്നാക്കവിഭാഗത്തിൽപ്പെട്ട ആളാണെന്ന ആക്ഷേപം കേൾക്കുന്നുണ്ട്. അത് ശരിയാണെങ്കിൽ, മുന്നാക്കവിഭാഗങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള ഈ കമ്മീഷനിൽ അദ്ദേഹം മെമ്പർ സെക്രട്ടറിയായിരിക്കുന്നത് തികച്ചും അനൗചിത്യം എന്നുതന്നെ പറയേണ്ടിവരുന്നു. വളരെ ഉത്തരവാദപ്പെട്ട ഒരു സ്ഥാനം വഹിക്കുന്ന അംഗമായതുകൊണ്ടാണ് ഇങ്ങനെ പറയേണ്ടിവരുന്നത്. അതിനാൽ സംസ്ഥാനഗവണ്മെന്റ് ഇതിന്റെ നിജസ്ഥിതി മനസ്സിലാക്കി, ഉചിതമായ തീരുമാനം എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്.

പെരുന്ന
20.3.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി